പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3333 18.02.2013- ലെ മറുപടി

വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മലയാളികളെ വിദേശ ജയിലുകളിൽ നിന്നും മോചിപ്പിക്കുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുണ്ട്; എങ്കിൽ വിശദീകരിക്കാമോ? | നാളിതുവരെ വളരെയധികം കേസുകളിൽ ഇടപെട്ട് നിരന്തരഅന്വേഷണത്തിന്റെ ഫലമായി ഒട്ടനവധിപേരെ ജയിൽ മോചിതരാക്കിയിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഏത് ജയിൽകേസിലും ഉടനടി നടപടി സ്വീകരിച്ച് സാധ്യമായ രീതിയിൽ പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്. ചില സന്ദർഭങ്ങളിൽ എംബസിയുടെ പാനലിൽ നിന്നുള്ള അഡ്വക്കേറ്റുമാരുടെ സേവനം ലഭ്യമാക്കി മോചനം സാധ്യമാക്കിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടു വന്ന് അവരുടെ മോചനത്തിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. ഈ കാര്യത്തിൽ ഗൾഫിലെ സാമൂഹ്യ പ്രവർത്തകരും മലയാളി സംഘടനകളും സഹായകമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം ജയിൽ മോചനത്തിനായിട്ടുള്ള ഒട്ടനവധി നിവേദനങ്ങൾ ലഭിച്ചിട്ടുള്ളതിനാലും വകുപ്പിൽ രേഖകൾ ക്രോഡീകരിക്കുന്നതും കൈകാര്യം ചെയ്യുന്നതും സൂക്ഷിക്കുന്നതും ജയിൽ കേസ്സുകൾ മാനദണ്ഡമാക്കിയല്ല എന്നതിനാലും നിവേദനങ്ങളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തുന്നതിന് പ്രായോഗികമായി കഴിയില്ല. |

സെക്ഷൻ ഓഫീസർ